LIBRARY ARCHIVES Kerala Legislative Assembly

ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി

172 (557) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി പ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി പ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാർട്ടപ്പുകൾക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു:

ഐഡിയ ഗ്രാന്റ് - മികച്ചതും സാമൂഹിക പ്രതിബദ്ധതയുള്ളതുമായ നൂതന ആശയങ്ങൾ വികസിപ്പിച്ച്, വിപണിയിൽ നിലനിൽക്കുന്ന ഉൽപ്പന്നമായി മാറ്റുന്നതിന് വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും രണ്ട് ലക്ഷം രൂപ വരെ ധനസഹായമാണ് അനുവദിക്കുന്നത്.

പ്രോഡക്ടൈസേഷൻ ഗ്രാന്റ്- വിപണിയിൽ നിലനിൽക്കുന്ന ഉൽപ്പന്നങ്ങളെ വിജയകരമായി വിപണിയിലെത്തിക്കുന്നതിനും ആദ്യകാല വരുമാനം ലഭ്യമാക്കുന്നതിനും സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനായി ഐഡിയ ഗ്രാന്റ് ഉൾപ്പെടെ 7 ലക്ഷം രൂപ വരെ ധനസഹായമാണ് അനുവദിക്കുന്നത്.

സ്കെയിലപ് ഗ്രാന്റ് - ആദ്യകാല വരുമാനം ലഭിച്ചുതുടങ്ങിയ ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തി മികച്ച കമ്പനിയായി മാറുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ് ഉൾപ്പെടെ 12 ലക്ഷം രൂപ വരെ ധനസഹായമാണ് അനുവദിക്കുന്നത്.

(ബി) ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതിയുടെ ഭാഗമായി സ്റ്റാർട്ടപ്പുകൾക്ക് ധനസഹായത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതിയുടെ ഭാഗമായി ഒരു സ്റ്റാർട്ടപ്പിന് ലഭിക്കാവുന്ന പരമാവധി തുക 12 ലക്ഷം രൂപയാണ്.

(സി) നൂതന ആശയങ്ങളെ മികച്ച സംരംഭങ്ങളാക്കി മാറ്റുന്നതിന് സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കുംവേണ്ടി പുതിയ പദ്ധതികൾ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിശ്ചിത തുക നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിലധികം തുക കേരളമടിസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കുന്ന കേരള സ്പെസിഫിക് ഏഞ്ചൽ ഫണ്ട് (ഫണ്ട് ഓഫ് ഫണ്ട്) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ മൂലധനം ലഭിക്കുന്നതിനുള്ള അവസരമുണ്ടാകുന്നുണ്ട്.